# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 13.12.2012 ൽ മറുപടിയ്ക്ക്
നിയമസഭാ ചോദ്യം നം. 1083

## അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അൺ-എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുളള സ്ക്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്.<br>1) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ പഞ്ചായത്ത് യു.പി. സ്ക്കൂളിൽ പ്രവർത്തിച്ചുവരുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് എൽ.പി. വിഭാഗത്തിന് കോട്ടൂർ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയും ആദിവാസികളുടെ വിദ്യാഭ്യാസ ആവശ്യകതയും പരിഗണിച്ച് 25.07.12 - ലെ സ.ഉ. (കൈ)242/12/പൊവി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br>2) കൊല്ലം ജില്ലയിലെ തേവലക്കര തെക്കൻ ഗുരുവായൂർ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിന് 1949/2009 നമ്പർ റിട്ട് അപ്പീലിൽ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 18.01.2012 - ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 14.8.2012 - ലെ സ.ഉ. (സാധാ.) 3940/12/പൊ.വി. നം. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 3) പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബഥനി ഇംഗ്ലീഷ് മീഡിയം യു. പി. സ്ക്കൂളിന് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 18.08.10 ലെ W.A. നമ്പർ 896/10 കേസിലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 09.06.2011 - ലെ സ.ഉ. (സാധാ.) 2181/2011/ പൊ.വി.വ. നമ്പർ. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br><br>4) മലപ്പുറം ജില്ലയിലെ എം.വി.എം. റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂളിലെ എൽ.പി., എച്ച്.എസ്. വിഭാഗങ്ങൾക്ക് അംഗീകാരമുളളതിനാൽ പ്രസ്തുത സ്ക്കൂളിലെ യു.പി. വിഭാഗത്തിന് 21.5.2012 - ലെ സ.ഉ. (സാധാ.) 2341/12/പൊ.വി. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | ഇനി സംസ്ഥാനത്ത് എത്ര സ്ക്കൂളുകൾക്ക് ഇത്തരത്തിൽ അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | മേൽപ്പറഞ്ഞ നാലു സ്ക്കൂളുകൾക്ക് ബഹു. ഹൈക്കോടതിയുടെ വിധികളുടെയും പ്രത്യേക പരിഗണനയുടെയും അടിസ്ഥാനത്തിലാണ് അംഗീകാരം നൽകിയിട്ടുളളത്. സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്ന അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ